കറുത്ത
ചെട്ടിച്ചികൾ
ഇടശ്ശേരി

# കറുത്തചെട്ടിച്ചികൾ

പേരാറ്റു നീരായ ചെമ്പിച്ച പൈക്കളെ-
ദ്ധാരാളമാട്ടിത്തെളിച്ചു കൊണ്ടങ്ങനെ
എത്തീ കിഴക്കൻമല കടന്നിന്നലെ-
യിത്തീരഭൂവിൽക്കറുത്ത ചെട്ടിച്ചികൾ.
മാരിവില്ലെന്നേ നിനച്ചുപോയ് നാം മനോ-
ഹാരിഭൂഭംഗിയാൽ സ്തബ്ധരാ യോഷമാർ
ചായം പിഴിഞ്ഞോരു ചേലചുറ്റിപ്പുത-
ച്ചായതമാകുമസ്സാനുവിൽ നില്ക്കവേ.
ചുണ്ടും പിളർത്തിച്ചുരുളൻ മുടിയുമായ്
മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം
പെറ്റെണീയ്ക്കും മുമ്പു കണ്ണടച്ചാളഹോ
പറ്റേവിളർത്തൊരക്കാലവർഷാംഗന,
പോന്നുവന്നാരേ ചുരന്ന മുലയുമായ്-
പ്പൂർവ്വാംബുരാശിയെപ്പെറ്റൊരിമ്മങ്കമാർ!
ഭാഗ്യം കെടില്ലൊരു നാട്ടിനുമുണ്ടയൽ-
പക്കങ്ങളെങ്കിൽ സഹകരിച്ചീടുവാൻ.
ഇന്നെന്തഴകീക്കറുമ്പിക്കിടാത്തികൾ-
ക്കെന്റെ നാട്ടാരുടെ കണ്ണിലെന്നോ, രസം!
ഇന്നിവർ പേശും തമിഴ് തമിഴല്ലതാ,-
നിന്നിവർ പാടുന്ന പാട്ടേ മനോഹരം.
കെട്ടിപ്പുണരുവാൻ കൈനീട്ടി നില്ക്കയാം
കേരമനോഹരകേരളത്തോപ്പുകൾ!
ഞാനോർത്തുപോകയാ, ണിമ്മലനാടതി-
ദൂനസ്ഥിതിയിലകപ്പെട്ട നാൾകളിൽ
ഇങ്ങോടിയെത്തിത്തുണയ്ക്കുവാൻ നിന്നവർ
മുങ്ങിക്കുളിയ്ക്കാത്ത കൊങ്ങരാണെപ്പൊഴും.
വാളയാറപ്പുറമെത്തുന്നതിൻ മുമ്പു
കൂലികൊടുത്തു നാം 'സംസ്കാരമറ്റവർ!'
നൂനം മഹോന്നതം തന്നേ മലനാടു
മാനിച്ചുയർത്തിപ്പിടിയ്ക്കുന്ന മേന്മകൾ,
ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ!
മാളികവീട്ടിലെയാളുകൾക്കിന്നലെ-
ത്താളമുരജമടിച്ചു കേൾപ്പിക്കുവാൻ,
ചെറ്റക്കുടിലിലെ ദമ്പതിമാർകളെ
മുറ്റും മുഴുകെത്തഴുകിച്ചുറക്കുവാൻ,
തെങ്ങിന്റെ പച്ചക്കുരൽകളിൽ പുത്തനാം
തിങ്കൾക്കലകളുദിപ്പിയ്ക്കുവാനുമേ,
എത്തീ കിഴക്കൻമല കടന്നിന്നലെ-
യിത്തീരഭൂവിൽ കറുത്തചെട്ടിച്ചികൾ.
നന്ദിപറയുന്നു നിങ്ങൾക്കു നീലച്ച
സുന്ദരിമാരേ, വിധേയമിക്കേരളം
എത്തുമല്ലോ നിങ്ങൾ വീണ്ടുമിത്തീരത്തി-
ലേറെദ്ദിനങ്ങൾ കഴിവതിൻ മുമ്പുതാൻ:
നിങ്ങൾതൻ പാലുണ്ട പുന്നെല്ലു കൊയ്തെടു-
ത്തെങ്ങൾ പത്തായം നിറച്ചു വാഴുന്ന നാൾ,

# കറുത്ത ചെട്ടിച്ചികൾ

**ഇടശ്ശേരി**

മഞ്ഞിൽ വിടർന്ന നിലാവു ചൂടിക്കൊണ്ടു
മഞ്ജുനിശകളിങ്ങൂയലാടുന്നനാൾ,
മാൺപെഴുമാൺകുയിൽ കൂകിത്തളരവേ
മാമ്പൂവിടർന്ന മണം ചൊരിയുന്ന നാൾ,
കുപ്പിവളകളും ചാന്തു സിന്ദൂരവും
ചീർപ്പുകണ്ണാടിയും മട്ടിപ്പശയുമായ്
മങ്കമാരേ, നിങ്ങൾ വീടുകൾ തോറുമേ
മംഗല്യവാണിഭം കൊണ്ടു നടക്കവേ,
എന്തൊരു പാപപരിഹരണാർഥമോ
ചിന്തുപാടിപ്പാടിയൂരുചുറ്റീടവേ,
കാണാ, മറിയുമേ കണ്ടാൽ; മറക്കാത്ത-
താണക്കറുത്ത മുഖങ്ങളൊരിക്കലും.